**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1030** **02-02-2026 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യകൾ ഫലപ്രദമായി വിനിയോഗിക്കുന്ന വിവിധ പദ്ധതികൾ വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂട്ടി തിരിച്ചറിഞ്ഞ് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനത്തെ വനമേഖലകളിൽ നൂതനവിവരകൈമാറ്റ-നിരീക്ഷണ സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>ഇതിന്റെ ഭാഗമായി Mission Real Time Monitoring എന്ന പദ്ധതിയാണ് പ്രധാനമായി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിച്ച് വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടി തിരിച്ചറിഞ്ഞ് ആവശ്യമായ മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വനം വകുപ്പും ടാറ്റാ മോട്ടോഴ്സ് ലിമിറ്റഡും ടാറ്റാ കമ്മ്യൂണിക്കേഷൻ ലിമിറ്റഡും ചേർന്ന കോർ ടീമാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ധാരണാപത്രം 20.01.2026-ൽ ഒപ്പുവച്ചിട്ടുണ്ട്. ആദ്യഘട്ടമായി ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിലെയും പെരിയാർ ടൈഗർ റിസർവിലെയും തിരഞ്ഞെടുത്ത മേഖലകളിൽ നിരീക്ഷണ ഉപകരണങ്ങളും ഗേറ്റ്‌വേകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ MSTRIPES മോണിറ്ററിംഗ്, ANIDERS സംവിധാനം, AI അധിഷ്ഠിത ക്യാമറകൾ, നൈറ്റ് വിഷൻ ക്യാമറകൾ, ഡ്രോണുകൾ, AI സ്മാർട്ട് ഫെൻസിംഗ് സംവിധാനം, SARPA മൊബൈൽ ആപ്പ് എന്നിവയും വിവിധ മേഖലകളിൽ വിനിയോഗിച്ചുവരുന്നു. വന്യമൃഗ |

| | | | |
|---|---|---|---|
| | | | സാന്നിധ്യം സംബന്ധിച്ച മുന്നറിയിപ്പുകൾ നൽകുന്നതിനായി ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ, SMS അലർട്ട് സംവിധാനം, പൊതുജന പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന വാട്ട്സ്ആപ്പ് കൂട്ടായ്മകൾ എന്നിവയും നിലവിലുണ്ട്. വനം ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെൻററും പ്രവർത്തിച്ചുവരുന്നു. ഇവ ദുരന്തനിവാരണ വകുപ്പിൻറെ ജില്ലാ/സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെൻററുകളുമായി ഏകോപിപ്പിച്ച് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനും നിവാരണത്തിനുമായി പ്രവർത്തിക്കുന്നതാണ്.<br><br>ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനും മറ്റുമായി കിഫ്ബി മുഖേന അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 25 നൈറ്റ് വിഷൻ ക്യാമറകൾ വാങ്ങിയിട്ടുണ്ട്. 43 ഡ്രോണുകൾ, 15 സ്മാർട്ട് കേജുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ഓർഡർ നൽകിയിട്ടുണ്ട്. |
| (ബി) | മനുഷ്യ-വന്യജീവി സംഘർഷത്തിലൂടെ വനത്തിന് അകത്തും പുറത്തും വന്യമൃഗങ്ങൾക്കു ജീവൻ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുവാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്; വന്യജീവികളുടെ ആവാസവ്യവസ്ഥകളിലുണ്ടാകുന്ന മാറ്റങ്ങൾ, വനാതിർത്തികളോട് ചേർന്ന പ്രദേശങ്ങളിലെ മനുഷ്യ ഇടപെടലുകളിലെ വർധനവ്, വനത്തിനകത്തെ ഭക്ഷണ-ജല ലഭ്യതയിലെ കുറവ് മുതലായവയാണ് ഇത്തരം സംഘർഷങ്ങൾക്ക് പ്രധാന കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്.<br>മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുകയും മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സഹവർത്തിത്വം ഉറപ്പാക്കുകയും ചെയ്യുന്നതിന് സർക്കാർ 23/02/2025-ലെ സ.ഉ.(കൈ) നം. 8/2025/വനം പ്രകാരം 10 മിഷനുകളും, തുടർന്ന് 03/01/2026 ലെ സ.ഉ.(കൈ) നം. 1/2026/വനം പ്രകാരം രണ്ട് അധിക മിഷനുകളും ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആകെ 12 മിഷനുകൾ നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.<br><br>വന്യമൃഗങ്ങൾ വനത്തിനകത്ത് തന്നെ നിലനിൽക്കുന്നതിനാവശ്യമായ ഭക്ഷണ-ജല സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് Mission Food, Fodder & Water നടപ്പിലാക്കി വരുന്നു. ഇതിൻറെ ഭാഗമായി ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, |

| | | | |
|---|---|---|---|
| | | | ചെക്ക് ഡാമുകളുടെ നിർമ്മാണവും പരിപാലനവും, അധിനിവേശ സസ്യങ്ങളുടെ ഉന്മൂലനം, തദ്ദേശീയ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br><br>വനാതിർത്തികളിൽ വന്യമൃഗങ്ങളുടെ അനിയന്ത്രിത പ്രവേശനം തടയുന്നതിനായി Mission Solar Fencing മുഖേന പ്രവർത്തനരഹിതമായ സൗരോർജ്ജ വേലികൾ പ്രവർത്തനക്ഷമമാക്കിയതോടൊപ്പം പുതുതായി സൗരോർജ്ജ വേലികളുടെ നിർമ്മാണവും പുരോഗമിക്കുന്നു. നിലവിലുള്ള സൗരോർജ്ജ വേലികളെ ഘട്ടംഘട്ടമായി സ്മാർട്ട് ഫെൻസുകളാക്കി മാറ്റുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.<br><br>മനുഷ്യ-വന്യജീവി സംഘർഷ സാധ്യതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി Mission Real Time Monitoring വഴി ആനത്താരകളും വന്യമൃഗ സഞ്ചാരപാതകളും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിരീക്ഷിക്കുന്ന സംവിധാനം നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ, പൊതുജന ബോധവൽക്കരണം, ശാസ്ത്രീയ ഗവേഷണം, ഗോത്രവിഭാഗങ്ങളുടെ പരമ്പരാഗത അറിവുകളുടെ പ്രയോജനപ്പെടുത്തൽ, വനാതിർത്തി പ്രദേശങ്ങളിലെ കൃഷി പുനരുജ്ജീവനം എന്നിവ ഏകോപിപ്പിച്ചാണ് സർക്കാർ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും വന്യമൃഗങ്ങളുടെ ജീവൻ നഷ്ടപ്പെടുന്ന സംഭവങ്ങൾ പരമാവധി ഒഴിവാക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (സി) | വന്യജീവി സംഘർഷനിവാരണത്തിനായി പുതുതായി എത്ര റാപ്പിഡ് റെസ്പോൺസ് ടീമുകളെ സംസ്ഥാനത്തുടനീളം വിന്യസിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | വന്യജീവി സംഘർഷ നിവാരണത്തിനായി സംസ്ഥാനത്തുടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു. ടി സ്ഥിരം RRT കൾ കൂടാതെ ഫോറസ്റ്റ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRT കളും 24 മണിക്കൂറും സേവനസന്നദ്ധമാണ്.<br><br>RRT കളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് എല്ലാ ആർ.ആർ.ടി.കളുടേയും നേതൃത്വം പരിചയസമ്പന്നരായ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലയിൽ ഏല്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. . നേരത്തെ 20 ആർ.ആർ.ടി.കളുടെ ചുമതല സെക്ഷൻ ഫോറസ്റ്റ് |

| | | | |
|---|---|---|---|
| | | | ഓഫീസർക്ക് ആയിരുന്നതാണ് സർക്കാർ ഉത്തരവിലൂടെ അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ